IV. മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (**രണ്ടെണ്ണം**)

32. പ്രാചീനകാലത്ത് കേരളത്തിന് വിദേശികളുമായുണ്ടായിരുന്ന ബന്ധം, അവയുടെ സാംസ്കാരികവും സാമ്പത്തികവുമായ പരിണതികൾ തുടങ്ങിയവ വിശദീകരിക്കുക.

33. കേരള സംസ്കാര പഠനത്തിന്റെ ഉപാദാനങ്ങളെപ്പറ്റി ഉപന്യസിക്കുക.

34. പത്ത്, പതിനൊന്ന് നൂറ്റാണ്ടുകളിൽ ഭാഷയുടെയും സാഹിത്യത്തിന്റെയും രംഗത്ത് ഉണ്ടായ വികാസപരിണാമങ്ങൾ പരിശോധിക്കുക.

35. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക രംഗത്ത്, നമ്പൂതിരിമാരുടെ പ്രഭാവം കൊണ്ടുണ്ടായ പരിണാമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുക.

(2 × 15 = 30 Marks)

St. Xavier's College

(Pages : 4) **S – 2891**

Reg. No. : ....

Name : ....

First Semester B.A. Degree Examination, January 2024

Career Related First Degree Programme under CBCSS

MALAYALAM AND MASS COMMUNICATIONS

Core Course I

MX 1141 : കേരള പഠനം I

(2021 Admission onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. ഭൗതികാവശിഷ്ടം അടക്കം ചെയ്തു നേരിട്ടു മണ്ണിനടിയിൽ മൂടുന്ന പാത്രങ്ങൾ ഏതു പേരിലാണ് അറിയപ്പെടുന്നത്?

2. അധ്യാത്മയുദ്ധം എന്ന ഗ്രന്ഥത്തിന്റെ കർത്താവാരാണ്?

3. കുന്നുകളും പുൽമേടുകളും നിറഞ്ഞ പ്രദേശം ഏതു തിണയിൽപ്പെടുന്നു?

4. സ്ഥാണുരവിയുടെ കാലത്ത് കൊല്ലത്തെ ക്രിസ്ത്യാനികൾക്ക് ഒട്ടനവധി അവകാശങ്ങൾ ചാർത്തിക്കൊടുത്ത ചെപ്പേട് ഏതാണ്?

5. എന്താണ് തളൈക്കാണം?

6. ചാതുർവർണ്യ വ്യവസ്ഥയനുസരിച്ച് ജലപരീക്ഷ ഏതു വിഭാഗക്കാർക്കായിരുന്നു?

7. പ്രച്ഛന്ന ബുദ്ധൻ എന്നറിയപ്പെടുന്നതാര്?

P.T.O.

8. എന്താണ് കടന്നിരിക്കൽ?

9. ദേവദാസികളെക്കുറിച്ച് പരാമർശമുള്ള ഏറ്റവും പഴയ രേഖ ഏത്?

10. യവനപ്രിയ എന്ന പേരിലറിയപ്പെട്ടിരുന്നത് എന്താണ്?

(10 × 1 = 10 Marks)

II. അമ്പത് വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. എന്താണ് കുടക്കല്ലുകൾ?

12. ശങ്കരാചാര്യർ കേരളത്തിനു നൽകിയ സംഭാവനകൾ എന്തെല്ലാം?

13. കൊല്ലവർഷവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ ക്രോഡീകരിക്കുക.

14. ജൂതശാസനം കേരളത്തിലെ ജൂതന്മാരെ സംബന്ധിച്ച പ്രധാന രേഖയാകുന്നതെങ്ങനെയാണ്?

15. ദേവദാസികൾക്കുള്ള ചരിത്രപ്രാധാന്യമെന്ത്?

16. കേരളചരിത്ര പഠനത്തിന്റെ ഉപാദാനങ്ങളിൽ സ്മാരകങ്ങൾക്കുള്ള പങ്കെന്ത്?

17. എന്താണ് കളവും കർപ്പും?

18. നൂറ്റവർ സംഘത്തെക്കുറിച്ച് കുറിപ്പെഴുതുക.

19. ആദ്യകാല കേരളചരിത്രപഠനശ്രമങ്ങൾ ഏതെല്ലാം മാർഗങ്ങൾ ഉപയോഗിച്ചായിരുന്നു?

20. പുലച്ചിക്കല്ലിന്റെ സവിശേഷതയെന്ത്?

21. കുലശേഖര ആഴ്വാരുടെ സാഹിത്യ സംഭാവനകൾ വിവരിക്കുക.

22. കേരളത്തിലെ പ്രാചീന തുറമുഖങ്ങളേതെല്ലാമായിരുന്നു?

(8 × 2 = 16 Marks)

III. നൂറ് വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. സംഘകാലത്തെ സാമൂഹ്യജീവിതം എങ്ങനെയുള്ളതായിരുന്നുവെന്ന് വിശദീകരിക്കുക.

24. സത്യപരീക്ഷകൾ കേരളത്തിലെ ചാതുർവർണ്യ വ്യവസ്ഥയെ അരക്കിട്ടുറപ്പിക്കുന്ന ഒന്നായിരുന്നു. സ്വമതം സ്ഥാപിക്കുക.

25. കേരളോല്പത്തിയുമായി ബന്ധപ്പെട്ട പരശുരാമകഥയെ വിമർശനദൃഷ്ട്യാ പരിശോധിക്കുക.

26. കേരളത്തിലെ പ്രാചീന ഗോത്രവർഗക്കാർക്കിടയിൽ നിലനിന്നിരുന്ന മരുമക്കത്തായം ഒൻപതാം നൂറ്റാണ്ടിനുശേഷം വീണ്ടും ശക്തിപ്രാപിച്ചു. സമർഥിക്കുക.

27. മഹാശിലാസംസ്കാരത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്?

28. ക്ഷേത്രവുമായി ബന്ധപ്പെട്ട വേദപാഠശാലകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുക.

29. കേരള സംസ്കാരത്തിന് ബുദ്ധമതത്തിന്റെ സംഭാവനകൾ എന്തെല്ലാമാണ്?

30. കേരളത്തിന്റെ ഭൂമിശാസ്ത്രപ്രത്യേകതകൾ എങ്ങനെയാണ് അതിന്റെ സാംസ്കാരികപൈതൃകത്തെ സ്വാധീനിച്ചത്?

31. കേരളത്തിലെ അടിമസമ്പ്രദായത്തിന്റെ ചരിത്രം പരിശോധിക്കുക.

(6 × 4 = 24 Marks)

St. Xavier's College

29. ആദ്യകാലചെറുകഥയുടെ മാതൃക എന്ന നിലയിൽ മദിരാശിപ്പിത്തലാട്ടത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?

30. പെണ്ണെഴുത്ത് എന്ന ആശയത്തിലെ വിപ്ലവകരമായ പ്രവണതകൾ കണ്ടെത്തുക.

31. പ്രകാശം പരത്തുന്ന പെൺകുട്ടി എല്ലാക്കാലത്തെയും മനുഷ്യരുടെ പ്രതീക്ഷയുടെ പ്രതീകമാകുന്നതെങ്ങനെ?

(6 × 4 = 24 Marks)

IV. മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (**രണ്ടെണ്ണം**)

32. ഉത്തരാധുനികനോവലുകൾ ഭാഷയെ പ്രതിരോധത്തിനുള്ള ഉപാധിയാക്കി മാറ്റിയതെങ്ങനെയെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.

33. മലയാളനോവലിന്റെ ചരിത്രം സംഗ്രഹിച്ചെഴുതുക.

34. പുതിയകാലത്ത് എഴുത്തിലും വായനയിലും വന്ന സാങ്കേതികമായ വിപ്ലവങ്ങളെ വിശദമായി പരിശോധിക്കുക.

35. ഖസാക്കിന്റെ ഇതിഹാസത്തിലെ ഭാഷാപരമായ പ്രത്യേകതകൾ വിശദീകരിക്കുക.

(2 × 15 = 30 Marks)

St. Xavier's College

(Pages : 4) **S – 2895**

Reg. No. : ....

Name : ....

First Semester B.A. Degree Examination, January 2024

Career Related First Degree Programme under CBCSS

MALAYALAM AND MASS COMMUNICATIONS

Core Course II

MX 1142 : കഥാസാഹിത്യം

(2021 Admission onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. കേശവദേവിന് 1964-ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേത്?

2. ടി. പത്മനാഭന്റെ പ്രകാശം പരത്തുന്ന പെൺകുട്ടി എന്ന കഥയ്ക്ക് അതേ പേരിൽ പാരഡി എഴുതിയതാരാണ്?

3. 'ഭാസ്കരമേനോൻ' എന്ന നോവലിന്റെ ആദ്യഭാഗങ്ങൾ ഏതു പേരിലാണ് പ്രസിദ്ധീകൃതമായത്?

4. ഗോപാലൻ നായരുടെ താടി എന്ന കഥ രചിച്ചതാരാണ്?

5. എസ്. വി. വേണുഗോപൻനായർക്ക് കേരളസാഹിത്യഅക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേതാണ്?

6. കഥ തേടുന്ന കഥ എന്ന പഠനഗ്രന്ഥം രചിച്ചതാരാണ്?